# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2774 ; 12.10.2011 ൽ മറുപടിയ്ക്ക്

### ചാത്തന്നൂർ ഗവ. ഐ.ടി.ഐ. യിൽ പുതിയ ട്രേഡുകൾ

**ചോദ്യം.**

ശ്രീ. ജി.എസ്. ജയലാൽ :

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

(എ) ചാത്തന്നൂർ ഗവ. ഐ.ടി.ഐ. യിൽ കഴിഞ്ഞ വർഷം വരെ ഏതൊക്കെ ട്രേഡുകളിലാണ് പഠനം ഉണ്ടായിരുന്നത്; ഇതിൽ ഏതെങ്കിലും ട്രേഡുകൾ ഈ വർഷം നിർത്തൽ ചെയ്യിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ ;

(എ) ചാത്തന്നൂർ ഐ.ടി.ഐ. യിൽ ഇലക്ട്രീഷ്യൻ (2 യൂണിറ്റ്), ഡ്രസ് മേക്കിംഗ് (1 യൂണിറ്റ്), പെയിന്റർ ജനറൽ (1 യൂണിറ്റ്) എന്നീ ട്രേഡുകളിലാണ് പഠനം നടത്തുന്നത്. ഈ വർഷം ഒരു ട്രേഡും നിർത്തൽ ചെയ്യിട്ടില്ല.

(ബി) സ്ഥലപരിമിതി മൂലം ഏതെങ്കിലും ട്രേഡുകൾ നിർത്തിവച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തീരുമാനം എടുത്തത് ഏത് ഉദ്യോഗസ്ഥ മേധാവിയാണ്; ട്രേഡ് നിർത്തൽ ചെയ്യേണ്ട സാഹചര്യത്തെക്കുറിച്ച് ജനപ്രതിനിധികളെ അറിയിക്കുകയോ പരിഹാരം തേടുകയോ ചെയ്യിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ബി) മുൻവർഷം ഡ്രാഫ്റ്റ്സ്മാൻ (സിവിൽ)- ന്റെ ഒരു യൂണിറ്റ് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. എന്നാൽ സ്ഥലപരിമിതിമൂലം പ്രസ്തുത യൂണിറ്റിൽ ഈ അദ്ധ്യയന വർഷം പ്രവേശനം നൽകിയിട്ടില്ല. ഇപ്പോൾ നടന്നുവരുന്ന കെട്ടിടം പണി പൂർത്തിയാകുന്ന മുറയ്ക്ക് ടി ട്രേഡിൽ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സ്ഥലപരിമിതിയെ കുറിച്ച് ജനപ്രതിനിധികളുമായി ബന്ധപ്പെടുകയോ പരിഹാരം തേടുകയോ ചെയ്യിരുന്നില്ല.

(സി) ഇല്ലായെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനിൽ നിന്നും വിശദീകരണം ആവശ്യപ്പെടുമോ;

(സി) ചാത്തന്നൂർ, ഐ.ടി.ഐ. പ്രിൻസിപ്പാളിൽ നിന്നും വിശദീകരണം തേടിയിരുന്നു.

(ഡി) പുതുതായി ഏതൊക്കെ ട്രേഡുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്; ഇവ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

(ഡി) സർവെയർ, ഫിറ്റർ, വെൽഡർ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ എന്നീ ട്രേഡുകൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ ഐ.ടി.ഐ.യുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി രണ്ട് യൂണിറ്റുകൾ വീതം ആരംഭിക്കുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. ടി ആവശ്യത്തിലേയ്ക്കായുള്ള കെട്ടിടം പണി പൂർത്തിയാവുന്ന മുറയ്ക്ക് 2012 - 13 ട്രെയിനിംഗ് വർഷം മുതൽ പരിശീലനം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ